സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട അണിയൂർ സബ്ഗ്രൂപ്പിന്റെ ആസ്ഥാനം കേളമംഗലം ദേവസ്വത്തിലേക്ക് മാറ്റിയത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 799/16/Est-I** നന്തൻകോട്, 13 /10/2017

---

പരാമർശം :- 1) 14-9-2017 ലെ മേൽ നമ്പർ ഉത്തരവ്.

2) ദേവസ്വം കമ്മീഷണറുടെ 20-9-2017 ലെ ROC 86/16/Est-A നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട അണിയൂർ സബ്ഗ്രൂപ്പിന്റെ ആസ്ഥാനം ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതേ സബ്ഗ്രൂപ്പിൽപ്പെട്ട കേളമംഗലം ദേവസ്വത്തിലേക്ക് മാറ്റുന്നതിന് അനുവദിച്ച് പരാമർശം 1 ൽ ബോർഡുത്തരവായി.

ടി ഉത്തരവ് പുനഃപരിശോധിക്കണമെന്ന് വിവരിച്ച് അണിയൂർ ശ്രീ ദുർഗ്ഗാ ഭഗവതി ക്ഷേത്ര ഉപദേശക സമിതിയുടെ അപേക്ഷ ലഭിച്ചിട്ടുള്ളതാണെന്നും ആകയാൽ ടി ഉത്തരവ് പുനഃപരിശോധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു. ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട അണിയൂർ സബ്ഗ്രൂപ്പിന്റെ ആസ്ഥാനം കേളമംഗലം ദേവസ്വത്തിലേക്ക് തൽക്കാലം മാറ്റേണ്ടതില്ലെന്ന് തീരുമാനിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :-

1. എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ഉള്ളൂർ ഗ്രൂപ്പ്
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

SK